ഭരണഭാഷ – മാതൃഭാഷ

കളക്ടറേറ്റ്,തൃശ്ശൂർ ടെലിഫോൺ നമ്പർ–0487–2433455,2433458
പിൻകോഡ്–680003
Website–www.thrissur.nic.in email–tsrcoll.ker@nic.in

**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**
**(ഹാജർ:– ഹരിത വി കുമാർ , ഐ.എ.എസ്.)**

വിഷയം: RFCTLARR Act 2013– തൃശ്ശൂർ ജില്ല – തൃശ്ശൂർ താലൂക്ക് – കണിമംഗലം വില്ലേജ് – നെട്ടുപുഴ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ – സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമുചിത ഗവണ്മെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം: 1.റോഡ്സ്& ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള ലിമി. (ആർ.ബി.ഡി.സി.കെ) മാനേജിംഗ് ഡയറക്ടറുടെ 22.01.2019 ലെ RBDCK/LA/147/2019/104 നമ്പർ കത്തും അർത്ഥനയും

2. ഈ കാര്യാലയത്തിലെ 26.06.2019 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

3. 26.07.2020 തിയ്യതിയിലെ വാല്യം 9,1949–ാം നമ്പർ കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം.

4. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരി,കൊച്ചി 17.11.2020 തിയതിയിൽ സമർപ്പിച്ച സാമൂഹ്യ ആഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ റിപ്പോർട്ട്

5. വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ടുള്ള ഈ കാര്യാലയത്തിലെ 15.02.2021 തീയതിയിലെ ഇതേ നം. നടപടിക്രമം

6. വിദഗ്ധസമിതി ചെയർപേഴ്സൺ ഡോ.ബിന്ദു.കെ., അസി.പ്രൊഫസർ, സാമൂഹിക ശാസ്ത്ര വിഭാഗം, വിമല കോളേജ്, തൃശ്ശൂർ എന്നവർ 03.09.2021 ന് സമർപ്പിച്ച വിദഗ്ധ സമിതി റിപ്പോർട്ട്

**ഉത്തരവ് നമ്പർ :–DCTSR/1456/2019–E4** **തീയതി:08/09/2021**

തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ കണിമംഗലം വില്ലേജിലെ സർവെ നമ്പർ 201/part, 202/part, 203/part, 218/part, 219/part, 220/part, 221/part, 239/part, 245/part, 246/part, 254/part, 256/part, 316/part, 317/part, 318/part, 336/part, 355/part, 356/part, 398/part, 865/part, 866/part, 877/part, 878/part എന്നിവയിലുൾപ്പെട്ട 42.30 ആർ (0.423 ഹെക്ടർ) ഭൂമി നെട്ടുപുഴ റെയിൽവെ മേൽപാലം നിർമ്മിക്കുന്നതിനായി പുതിയ പൊന്നുംവില നിയമപ്രകാരം എറ്റെടുക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ പരാമർശം (1) പ്രകാരം അർത്ഥനാധികാരിയായ ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ തൃശൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി പരാമർശം(2) പ്രകാരം നിയോഗിച്ചിട്ടുള്ളതുമാണ്.

RFCTLARR Act 2013–ലെ സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരി,കൊച്ചി ചെയർപേഴ്സനെ നിയമിച്ചിട്ടുള്ളതും, ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള Form (4) വിജ്ഞാപനം പരാമർശം(3) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പരാമർശം(4) പ്രകാരം സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം(5) പ്രകാരം വിദഗ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. വിദഗ്ധ സമിതിയുടെ പരാമർശം(6) റിപ്പോർട്ടിൽ നെട്ടുപുഴ റെയിൽവെ മേൽപാല പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന ഗതാഗതപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുവാനും പദ്ധതി

പ്രദേശത്ത് വാണിജ്യ വ്യാപാര വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുമെന്നും, പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ തൃശ്ശൂർ ജില്ലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്രവികസനത്തിന് ആക്കം കൂട്ടുകയും ചെയ്യുമെന്നും വിദഗ്ധസമിതി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ നെടുപുഴ മേൽപ്പാലത്തിനായി ഭൂമിയേറ്റെടുക്കുക വഴി 61 കുടുംബങ്ങളുടെ വസ്തുവകകളും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്നതായും ഇതിൽ 5 എണ്ണം പൂർണ്ണമായും 8 എണ്ണം ഭാഗികമായും നഷ്ടപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ടെന്നും, വീടുകളും മറ്റുപജീവനമാർഗവും നഷ്ടമാവുന്നവർക്ക് സമയബന്ധിതവും അർഹിക്കുന്നതുമായ നഷ്ടപരിഹാരം കൊടുത്ത് അർഹമായ സ്ഥലങ്ങളിൽ പുനരധിവസിപ്പിച്ച് ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കണമെന്നും പദ്ധതി തുടങ്ങിയാൽ പ്രദേശത്ത് ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കാതെ പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കാതെ പ്രകൃതിഭേദം വരുത്താതെ പദ്ധതി യാഥാർത്ഥ്യമാക്കാമെന്ന് വിദഗ്ധസമിതി ശുപാർശ ചെയ്യുന്നുണ്ട്.

നെടുപുഴ റെയിൽവെ മേൽപാല പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന സാമൂഹികചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ അധികമായതിനാൽ RFCT LARR Act-2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം നല്കി ഭൂമി ഏറ്റെടുക്കാവുന്നതാണെന്നും, പ്രസ്തുത പദ്ധതി ജനങ്ങൾക്ക് ഉപകാരപ്രദമായതിനാൽ പദ്ധതിയ്ക്ക് ചെലവാകുന്ന അടങ്കൽ തുക ഭാവി കേരള സാമ്പത്തിക വ്യവസ്ഥിതിയെ പ്രതികൂലമായി ബാധിക്കാത്തതിനാലും ജനങ്ങളുടെ നിലവിലുള്ള എല്ലാ ആശങ്കകളും പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന് വിദഗ്ധസമിതി ശുപാർശ ചെയ്യുന്നുണ്ട്.

സാമൂഹ്യ ആഘാത പഠന റിപ്പോർട്ടും വിദഗ്ധ സമിതി റിപ്പോർട്ടുകളും പരിശോധിച്ചതിൽ നിർദ്ദിഷ്ട ഏറ്റെടുക്കലിലേയ്ക്ക് യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യമുണ്ടെന്നും അതാണ് നിർണ്ണയിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആവശ്യമാക്കി തീർത്തതെന്നും പദ്ധതിയാക്കാവശ്യമായ ചുരുങ്ങിയ ഏരിയ മാത്രമേ ഏറ്റെടുക്കുന്നുള്ളൂവെന്നും ആ പ്രദേശത്ത് നേരത്തെ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിച്ചിട്ടില്ലാത്തതുമായ ഭൂമി ഇല്ലെന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ നെടുപുഴ റെയിൽവെ മേൽപാല നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ കണിമംഗലം വില്ലേജിലെ സർവെ നമ്പർ 201/part, 202/part, 203/part, 218/part, 219/part, 220/part, 221/part, 239/part, 245/part, 246/part, 254/part, 256/part, 316/part, 317/part, 318/part, 336/part, 355/part, 356/part, 398/part, 865/part, 866/part, 877/part, 878/part എന്നിവയിലുൾപ്പെട്ട 42.30 ആർ (0.423 ഹെക്ടർ) ഭൂമി ഏറ്റെടുക്കുന്നതിന് RFCT LARR Act 2013 വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8 ലെ 3-ാം ഉപവകുപ്പ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷൽ തഹസിൽദാർ, എൽ.എ ജനറൽ തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

**DISTRICT COLLECTOR**

സ്വീകർത്താവ്:
1.സ്പെഷൽ തഹസിൽദാർ (എൽ.എ) ജനറൽ, തൃശ്ശൂർ.(ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർനടപടികൾക്കുമായി)
2. മാനേജിംഗ് ഡയറക്ടർ, റോഡ്സ്& ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള ലിമി. (ആർ.ബി.ഡി.സി.കെ), കൊച്ചി

Signature Not Verified

Digitally signed by HARITHA V KUMAR IAS
Date: 2021.09.08 22:27:21 PDT
Reason: Approved